**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 5884** **25.05.2017 - ൽ മറുപടിക്ക്**

## ബംഗാളിൽ നിന്നും ഇറക്കുമതി ചെയ്ത അരിയുടെ ഗുണമേന്മ

**ചോദ്യം**

**ശ്രീ.എം.ഉമ്മർ**
**" പി.ഉബൈദുള്ള**
**ഡോ.എം.കെ.മുനീർ**
**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്**

**മറുപടി**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
**(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അരിക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി കൺസ്യൂമർഫെഡ് വഴി ബംഗാളിൽ നിന്നും ഇറക്കുമതി ചെയ്ത അരിയുടെ ഗുണമേന്മ സംബന്ധിച്ച ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് അരിക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി കൺസ്യൂമർഫെഡ് വഴി ബംഗാളിൽ നിന്നും വാങ്ങിയ അരിയുടെ ഗുണമേന്മ സംബന്ധിച്ച ആക്ഷേപങ്ങൾ ഒന്നും ഉണ്ടായിട്ടില്ല. എന്നാൽ ഒരു സപ്ലൈയർ വിതരണം ചെയ്ത അരി കൂടുതലായി വെന്ത് പോകുന്നു എന്ന് ശ്രദ്ധയിൽപ്പെട്ടപ്പോൾ ആ സപ്ലൈയർക്ക് നൽകിയ ഓർഡർ റദ്ദാക്കുകയും അവർ ഇറക്കിയ അരി തിരികെ നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കൺസ്യൂമർഫെഡ് അരി വാങ്ങുന്നതിന് കരാറിൽ ഏർപ്പെടുന്നതിന് മുൻപ് അരിയുടെ ഗുണനിലവാരം പരിശോധിച്ചിരുന്നോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ; | (ബി) | കൺസ്യൂമർഫെഡ് അരി വാങ്ങുന്നതിന് കരാറിൽ ഏർപ്പെടുന്നതിനുമുമ്പ് അരിയുടെ ഗുണനിലവാരം പരിശോധിച്ചിട്ടുണ്ട്. അരിയുടെ ക്ഷാമം പരിഹരിക്കുന്നതിനും, പൊതു വിപണിയിലെ വിൽപ്പന വില പിടിച്ച് നിർത്തുന്നതിനും കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെക്കൂടി ഉൾപ്പെടുത്തി കൺസോർഷ്യം രൂപീകരിക്കുകയും, കൺസോർഷ്യം പ്രതിനിധികൾ ആന്ധ്ര, |

| | | | |
|---|---|---|---|
| | | | ബംഗാൾ എന്നീ സംസ്ഥാനങ്ങളിലെ അരി ഉത്പാദകർ, കച്ചവടക്കാർ, ഹോൾസെയിൽ കച്ചവടക്കാർ, നെല്ല് ഉത്പാദക കമ്പനികൾ, കർഷകർ എന്നിവരുമായി ആശയവിനിമയം നടത്തി അവരിൽ നിന്നും ലഭിക്കുന്ന സാമ്പിളുകൾ പരിശോധിക്കുകയും, പാചകം നടത്തി ഭക്ഷ്യ യോഗ്യമെന്ന് ഉറപ്പ് വരുത്തിയിട്ടുള്ളതുമാണ്. അരിയുടെ സാമ്പിളുകൾ യഥാക്രമം കേന്ദ്ര സർക്കാർ സ്പോൺസർ ചെയ്തിട്ടുള്ള കാർഷിക സർവ്വകലാശാലയുടെ റേഡിയോ ട്രേസ്സർ ലബോറട്ടറിയും, കൊച്ചിയിലെ ഇന്റർഫീൽഡ് ലബോറട്ടറീസ്, നാഗ്പൂറിലെ അനക്കോൺ ലാബ്സ് എന്നിവിടങ്ങളിലും പരിശോധന നടത്തി കെമിക്കലുകൾ ഒന്നും ഇല്ല എന്ന് ഉറപ്പ് വരുത്തിയിട്ടുള്ളതുമാണ്. |
| (സി) | ഇത്തരത്തിൽ ഗുണനിലവാരം കുറഞ്ഞ അരി ഇറക്കുമതി ചെയ്തതുമൂലം സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ? | (സി) | ഗുണനിലവാരം കുറഞ്ഞ അരി ഇറക്കുമതി ചെയ്തിട്ടില്ല. ബംഗാൾ അരി വിൽപ്പന നടത്തിയതിലൂടെ സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല. 26.30 രൂപയ്ക്ക് വാങ്ങിയ അരി സംഘങ്ങൾ മുഖേന 25 രൂപയ്ക്കാണ് വിൽപ്പന നടത്തിയിട്ടുള്ളത്. ഇത്തരത്തിൽ നൽകിയ വിലയിളവ് സഹകരണ സംഘങ്ങൾ സാമൂഹിക പ്രതിബദ്ധതയായി കണക്കാക്കി സ്വന്തം നിലയിൽ വഹിക്കണമെന്ന തീരുമാനം അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. |

**സെക്ഷൻ ഓഫീസർ**